## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.T5950 | 19/11/2019-ൽ മറുപടിക്ക്

### ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിക്കായി ഉണ്ടാക്കിയ ത്രികക്ഷി കരാർ

| | ചോദ്യം<br>**ശ്രീ.വി.ഡി.സതീശൻ**<br>**,, വി.എസ്.ശിവകുമാർ**<br>**,, കെ.എസ്.ശബരീനാഥൻ** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സർക്കാർ, കെ.എസ്.ഇ.ബി., കിഫ്ബി തുടങ്ങിയവ ഏർപ്പെടുന്ന നിയമപരമായ ത്രികക്ഷി കരാർ പാലിക്കേണ്ട കടമ കെ.എസ്.ഇ.ബി. യ്ക്കുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിക്കായി ഉണ്ടാക്കിയ ത്രികക്ഷി കരാറിലെ സെക്ഷൻ മൂന്ന് പ്രകാരം പദ്ധതിയുടെ നടത്തിപ്പിനായി കമ്പനികളെ കണ്ടെത്താനുള്ള ടെൻഡർ നടപടികളിൽ സംസ്ഥാന സർക്കാരിന്റെ നിയമങ്ങൾ ബാധകമാകും എന്നത് പാലിക്കാൻ ത്രികക്ഷി കരാറിൽ ഏർപ്പെട്ട എല്ലാവർക്കും നിയമപരമായ ബാധ്യതയുണ്ടോ; | (ബി) & (സി) | കരാറിലെ വ്യവസ്ഥകൾ പാലിക്കാൻ കരാറിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ കക്ഷികൾക്കും ബാധ്യതയുണ്ട്. കെ.എസ്.ഇ.ബി.യ്ക്ക് ബാധകമായ സർക്കാർ നിയമങ്ങളും ചട്ടങ്ങളും പാലിക്കാൻ നിയമപരമായ ബാധ്യതയില്ല എന്ന നിലപാട് കെ.എസ്.ഇ.ബി. സ്വീകരിച്ചിട്ടില്ല. കെ.എസ്.ഇ.ബി.യ്ക്ക് ബാധകമായ എല്ലാ നിയമങ്ങളും ചട്ടങ്ങളും, പാലിച്ചുകൊണ്ട് തന്നെയാണ് കിഫ്ബിയുടെ സഹായത്തോടെ ട്രാൻസ്ഗ്രിഡ് പദ്ധതിയിലെ വിവിധ പ്രവൃത്തികൾ നടപ്പാക്കി വരുന്നത്. |
| (സി) | ഉണ്ടെങ്കിൽ സർക്കാർ നിയമങ്ങളും ചട്ടങ്ങളും പ്രസ്തുത ത്രികക്ഷി കരാറിൽ ഏർപ്പെട്ടിട്ടുള്ള സർക്കാർ കമ്പനിയായ കെ.എസ്.ഇ.ബി.യ്ക്ക് പാലിക്കാൻ നിയമപരമായ ബാധ്യതയില്ല എന്ന വൈദ്യുതി വകുപ്പ് മന്ത്രിയുടെ അഭിപ്രായം നിയമവകുപ്പ് അംഗീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ